1999-2000-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് അനുസരിച്ച് 31-3-2000 വരെ ബോർഡിന് 3551 കോടി രൂപയുടെ കടമുണ്ട്.

ഗ്രാമീണ ജലവിതരണ-പരിസര ശുചീകരണ പദ്ധതി

19 (*199) ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട ഗ്രാമീണ ജലവിതരണ-പരിസര ശുചീകരണ പദ്ധതി' യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്നും എത്ര വർഷം കൊണ്ട് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണ് പരീക്ഷണാർത്ഥം പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് നൽകുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സാമ്പത്തിക സഹായം ഉറപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(എഫ്) പദ്ധതിയുടെ നടത്തിപ്പിനായുള്ള ജലസ്രോതസ്സുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിക്കുമോ, എങ്കിൽ വിശദാംശം അറിയിക്കുമോ ;

(എച്ച്) ഗുണഭോക്താക്കൾ എന്തുതുക വഹിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ശുദ്ധജലവിതരണം, പരിസരശുചീകരണം എന്നീ മേഖലകളിൽ ഗ്രാമീണ ജനങ്ങൾക്ക് ഇന്ന് ലഭിക്കുന്ന സേവനത്തിന്റെ നിലവാരം ഗണ്യമായി വർദ്ധിപ്പിച്ച് അവർക്ക് ശുദ്ധജലലഭ്യത ഉറപ്പാക്കുക, ശുചിത്വനിലവാരം ഉയർത്തുകയും ചെയ്യുക അതുവഴി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നിവയും, ഒപ്പം ഇക്കാര്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001 ജനുവരിയിൽ ആരംഭിച്ച് 2006 ഡിസംബറിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കേരള ഗ്രാമീണ ജലവിതരണ ഏജൻസിയുടെ നേതൃത്വത്തിൽ ജന പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. പദ്ധതി ആസൂത്രണം, നിർവ്വഹണം, നടത്തിപ്പ്, ഉടമസ്ഥത ഇവയെല്ലാം പൂർണ്ണമായും ഗുണഭോക്തൃ സംഘങ്ങളിൽ നിക്ഷിപ്തമാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ആയിരിക്കും പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം. സന്നദ്ധ സംഘടനകൾ ഗുണഭോക്തൃ സമിതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക സഹായവും നൽകുന്നതായിരിക്കും. സി.ഡബ്ല്യൂ.ആർ.ഡി.എം, റ്റി.എസ്.എച്ച്.എം, കെ.എസ്, കെ.ഡബ്ല്യൂ.എ. മുതലായ സ്ഥാപനങ്ങളുമായും ഇറിഗേഷൻ, പി. ഡബ്ലിയു. ഡി. മുതലായ വകുപ്പുകളുമായും ഏകോപിച്ച് പ്രവർത്തിക്കുന്നതുമാണ്.

(ഡി) മുണ്ടത്തിക്കോട്, എരിമയൂർ, നെടിയിരുപ്പ്, പുക്കോട്ടൂർ കുന്നുമ്മൽ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പൈലറ്റ് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) 60 കോടി (മില്യൻ) അമേരിക്കൻ ഡോളർ ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിക്ക് 60 കോടി (ഏകദേശം 300 കോടി രൂപ) ഡോളറിന്റെ ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ച അവസാന ചർച്ചകൾ നടന്നു വരികയാണ്. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പദ്ധതി ലോകബാങ്ക് പ്രതിനിധികൾ വിലയിരുത്തുകയും സ്വീകാര്യമാണെന്നു അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ബാക്കി തുക സംസ്ഥാന സർക്കാർ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃ സമിതികൾ ഇവ ചേർന്ന് സ്വരൂപിക്കുന്നതാണ്.

(എഫ്) ഉണ്ട്. ജലസ്രോതസ്സുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പദ്ധതി പ്രദേശങ്ങളിലെ ജലം പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശം പരിസ്ഥിതി പ്രത്യാഘാത പഠനവിധേയമാക്കിയിട്ടുണ്ട്. ഉറവിടശോഷണം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നീർമറി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പഠനവും നടത്തിയിട്ടുണ്ട്.

(ജി) പദ്ധതി ചെലവിന്റെ (മുടക്കു മുതലിന്റെ) 15% വും പ്രവർത്തന ചെലവും പൂർണ്ണമായി വഹിക്കുന്നതിനും ശുദ്ധജലവിതരണം സാനിട്ടേഷൻ പദ്ധതിയുടെ നിബന്ധനകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനും തയ്യാറാകുന്നവരെയാണ് പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുക.

(എച്ച്) ഓരോ പദ്ധതിയുടേയും മൂലധനചെലവ്, പ്രവർത്തനചെലവ് ഇവയെ ആശ്രയിച്ചായിരിക്കും ഗുണഭോക്താക്കൾ വഹിക്കേണ്ടി വരുന്ന തുക കണക്കാക്കപ്പെടുക. കുടുംബമൊന്നിന് 1000 രൂപമുതൽ 2000 രൂപവരെ വിഹിതമെടുക്കേണ്ടി വരുമെന്നാണ് ഒരു ഏകദേശകണക്ക്.

LIBRARY ARCHIVES Kerala Legislative Assembly